**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4744** **19.05.2017-ന് മറുപടിയ്ക്ക്**

**സംയോജിത വനസംരക്ഷണ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. എം. രാജഗോപാലൻ** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സംയോജിത വനസംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് സംയോജിത വനസംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പദ്ധതിയിൽ കാട്ടുതീ നിയന്ത്രണം, വന സംരക്ഷണത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കാവുകളുടെ സംരക്ഷണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥയുടെയും സംരക്ഷണത്തിന് സർവ്വേ, അതിർത്തി നിർണ്ണയം, മണ്ണൊലിപ്പ് തടയൽ, കാട്ടുതീ നിയന്ത്രണം മുതലായവ നടത്തിവരുന്നു. |
| (ഡി) | മുളംകാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള നടപടികൾ ഈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | ഇല്ല. എന്നാൽ ഈ പദ്ധതിയിലെ ഫണ്ടുപയോഗിച്ച് മുളങ്കാടുകളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നു. |
| (ഇ) | അപൂർവ്വവും നാശോന്മുഖവുമായ സസ്യങ്ങളുടെയും അവ വളരുന്ന പ്രദേശങ്ങളുടെയും സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ പ്രദേശങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**